# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മേലാർകോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.18-307/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 21/03/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേലാർകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.18-307/2022 തീയ്യതി: 21/03/2022

## പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-11-2019 മുതൽ 11-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ.സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 12-01-2022 | 28-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-01-2022 | 28-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റോബർട്ട്.കെ.ജി(ഓഡിറ്റ് ഓഫീസർ)
ശ്രീമതി.സരിത.പി(സീനി.ഗ്രേഡ്.ഓഡിറ്റർ)
ശ്രീ.ജിജീഷ്.എ.കെ(സീനി.ഗ്രേഡ്.ഓഡിറ്റർ)
ശ്രീമതി.ഗീത.കെ(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.മായൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ജോയ്സി വർഗ്ഗീസ് .പി | സെക്രട്ടറി | 01-04-2019 | 15-07-2019 |
| ശ്രീമതി നാൻസി സി.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-07-2019 | 21-07-2019 |
| ശ്രീ.മനോജ്.ജി | സെക്രട്ടറി | 22-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നാൻസി.സി.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| അനൂപ്.കെ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.നീത.കെ.നായർ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 09-08-2019 |
| ഡോ.നിഷിത.കെ.എ | വെറ്ററിനറി സർജ്ജൻ | 10-08-2019 | 31-03-2020 |
| ഡോ.നികിത നായർ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2019 | 31-03-2020 |
| ഡോ.രാജി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.അരുണ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.രശ്മി.ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 29-06-2019 |
| ശ്രീമതി.നാൻസി കെ വർഗ്ഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 30-06-2019 | 01-08-2019 |
| ശ്രീമതി.രശ്മി.ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02-08-2019 | 20-01-2020 |
| ശ്രീമതി.നാൻസി കെ വർഗ്ഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-01-2020 | 31-01-2020 |
| ശ്രീ.ജയപ്രകാസ്. സിസി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-02-2020 | 27-02-2020 |
| ശ്രീമതി.രശ്മി.ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 28-02-2020 | 31-03-2020 |
| ശ്രീ മോഹനരാജൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി താജുമ്മ | ഐ,സി.ഡി.എസ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീമതി കവിത.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർII | 01-04-2019 | 31-03-2020 |
| ശ്രീമതി അഷിതമോൾ.സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർI | 01-04-2019 | 31-03-2020 |

-

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Geetha K (Auditor, On 13-01-2022)<br>Last Updated By: Haseena KU (Computer Assistant, On 18-03-2022) | 1-1 |
| 2 | നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Geetha K (Auditor, On 31-01-2022)<br>Last Updated By: Haseena KU (Computer Assistant, On 18-03-2022) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Geetha K (Auditor, On 13-01-2022)<br>Last Updated By: Haseena KU (Computer Assistant, On 18-03-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ<br>Written By: Geetha K (Auditor, On 13-01-2022)<br>Last Updated By: Haseena KU (Computer Assistant, On 18-03-2022) | 1-2-1 |
| 5 | സാമ്പത്തിക നില<br>Written By: Geetha K (Auditor, On 13-01-2022)<br>Last Updated By: Haseena KU (Computer Assistant, On 18-03-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Saritha P (Senior Grade Auditor, On 13-01-2022)<br>Last Updated By: Haseena KU (Computer Assistant, On 18-03-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Saritha P (Senior Grade Auditor, On 12-01-2022)<br>Last Updated By: Haseena KU (Computer Assistant, On 18-03-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.G.Robert (Audit Officer, On 14-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Geetha K (Auditor, On 14-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണ സംവിധാനം.<br>Written By: K.G.Robert (Audit Officer, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-10 |
| 13 | ടെൻഡർ നടപടികൾ-അപാകതകൾ<br>Written By: K.G.Robert (Audit Officer, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-11 |
| 14 | സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 29-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-12 |
| 15 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 29-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-12-1 |
| 16 | ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 29-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-12-2 |
| 17 | ക്ഷീരോദ്പാദകസഹകരണ സംഘത്തിൽ നിന്നും ലൈസൻസ് | 1-12-3 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല.<br>Written By: Geetha K (Auditor, On 29-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | |
| 18 | വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കുന്നില്ല<br>Written By: Geetha K (Auditor, On 29-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-12-4 |
| 19 | പാലക്കുഴി ഹൈഡ്രോ ഇലക്ട്രിക് പദ്ധതി-ലാഭവിഹിതം ഉറപ്പാക്കിയിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-13 |
| 20 | പെൻസിൽ കാമ്പയിൻ മുൻകൂർ തുക അഡ്ജസ്റ്റ് ചെയ്തിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-14 |
| 21 | തെരുവുവിളക്ക്റിപ്പയർ പ്രവർത്തി<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-15 |
| 22 | നെൽകൃഷിക്ക് കൂലി ചെലവ് മുഴുവൻ തുകയും ലഭ്യമാക്കിയില്ല<br>Written By: Geetha K (Auditor, On 30-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-16 |
| 23 | എബിസി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 31-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-17 |
| 24 | പൊതുമരാമത്ത്-പാർശ്വഭിത്തി സംരക്ഷണം ചെലവുതുക തടസ്സപ്പെടുത്തുന്നു.<br>Written By: K.G.Robert (Audit Officer, On 31-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-18 |
| 25 | ചിറ്റലഞ്ചേരി- മണ്ണാന്തറ കുടിവെള്ള പദ്ധതി അനുവദനീയമായ അളവിനും അധികരിച്ച ചെലവഴിച്ച പദ്ധതിത്തുക ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.<br>Written By: K.G.Robert (Audit Officer, On 31-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-19 |
| 26 | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ നിർമ്മിച്ച കുഴൽക്കിണറിന്റെ ചെലവുതുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.<br>Written By: K.G.Robert (Audit Officer, On 31-01-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-20 |
| 27 | തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ വർക്കുകളുടെ ബില്ലുകളിൽനിന്ന് ജിഎസ്സ്.റ്റി അടവാക്കിയിട്ടില്ല.<br>Written By: K.G.Robert (Audit Officer, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-21 |
| 28 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ- ബില്ലിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ നിർമ്മിച്ച കുഴൽക്കിണറിന്റെ ചെലവുതുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.<br>Written By: K.G.Robert (Audit Officer, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Saritha P (Senior Grade Auditor, On 01-02-2022) | 4-1 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 19-03-2022) | |
| 2 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Saritha P (Senior Grade Auditor, On 01-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Saritha P (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jijeesh (Senior Grade Auditor, On 01-02-2022)<br>Last Updated By: Haseena KU (Computer Assistant, On 19-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വിവിധ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

22.02.2019-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/1 പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 1,34,74,624 |
| പ്രതീക്ഷിത വരവ് | 32,36,88,000 |
| ആകെ വരവ് | 33,71,62,624 |
| ചെലവ് | 32,03,70,500 |
| നീക്കിയിരിപ്പ് | 1,67,92,124 |

### 1-1-1 നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

ബജറ്റ് ഫയൽ പരിശോധിച്ചതിൽ ഘടക സ്ഥാപന മേധാവികളോട് നോൺ-പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 24-01-2019-ന് സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 11 നിർവ്വഹണ ഉദ്യോഗസ്ഥരുള്ളതിൽ ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രൊപ്പോസലുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർ(ഹോമിയോ), മെഡിക്കൽ ഓഫീസർ(ആയുർവ്വേദം), വെറ്ററിനറി സർജൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ മാത്രമാണ് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിൽ പ്രൊപ്പോസലുകൾ സമർപ്പിക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

തുടർവർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതിൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകതകൾ കൃത്യമായി ബജറ്റിൽ ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്ററി നിയന്ത്രണം ഉറപ്പാക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 05.05.2020 | ബാധകമല്ല |

### 1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

1.തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,

I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 1,65,31,509/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 8,91,980/- രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 8,91,980/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 8,91,980/- രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

2.31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

3. 2019-20 വർഷം ബ്ലോക്ക് വിഹിതത്തിൽ നിന്നും 35,40,031/- രൂപയുടെ ചെലവ് ഉണ്ട്. എന്നാൽ വാർഷികധനകാര്യപത്രിക പ്രകാരം 27,73,251/- രൂപയുടെ ചെലവ് മാത്രമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ഈ ഇനത്തിൽ യഥാർത്ഥ നീക്കിയിരിപ്പ് 10,15,632/- രൂപ ആണെങ്കിലും ബാലൻസ് ഷീറ്റ്-ബി4 ഷെഡ്യൂൾ പ്രകാരം 17,24,735/- രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്.

നെൽകൃഷിക്കായുള്ള ഉഴവുകൂലി സബ്സിഡി ജോയിന്റ് വെൻചർ അക്കൗണ്ടിൽ വരവ് വെച്ചെങ്കിലും ഇതിനായുള്ള ചെലവ് തനത് ഫണ്ടിൽ അക്കൗണ്ടിൽ നിന്നുമാണ് നടത്തിയിട്ടുള്ളത്. കൂടാതെ അങ്കണവാടി പോഷകാഹാരപദ്ധതിക്കായുള്ള കേന്ദ്രവിഹിതം തുക തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിനു പകരം ജോയിന്റ് വെൻചർ അക്കൗണ്ടിൽ നിന്നും ചെലവ് ചെയ്തിട്ടുള്ളതായും ഇത്തരത്തിൽ അക്കൗണ്ട് മാറി ചെലവഴിച്ചതിനാലാണ് ഈ വ്യത്യാസം ഉണ്ടായതെന്നും സെക്രട്ടറി അറിയിച്ചു. ബാലൻസ് ഷീറ്റ്-ബി4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പ് യഥാർത്ഥത്തിലുള്ള ചെലവു തുകയുമായി പൊരുത്തപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

4.ഗാർഹിക കുടിവെള്ള കണക്ഷനായി Deposit ചെയ്ത 6,311/- രൂപ ഗുണഭോക്താവ് പ്രവർത്തി നടപ്പിലാക്കുന്നില്ലെന്ന് അറിയിച്ചതിനാൽ റീഫണ്ട് ചെയ്തിട്ടുള്ളത് Deposit Refund എന്ന ഹെഡിൽ ചെലവ് രേഖപ്പെടുത്തുന്നതിനു പകരം Water Charges Written Off എന്ന ഹെഡിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

5. 2018-19 വർഷത്തെ B 18 പ്രകാരം അഡ്വാൻസ് നല്കിയതിൽ നീക്കിയിരിപ്പ് 4,60,935/- രൂപയാണ്. 2019-2020 ലെ അഡ്വാൻസിനത്തിലെ മുന്നിരിപ്പ് 4,60,335/- രൂപയാണ്. വ്യത്യാസം 600/- രൂപ .

6. അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കുകളും തമ്മിൽ താഴെ പറയും പ്രകാരം വ്യത്യാസം നിലനിൽക്കുന്നു.

| | അക്കൗണ്ട് ഹെഡ് | രജിസ്റ്റർ പ്രകാരം | അക്കൗണ്ട്സ് പ്രകാരം |
|---|---|---|---|
| ഫെസ്റ്റിവൽ അഡ്വാൻസ് | 460100101 | 107000 | 107000 |
| അദർ അഡ്വാൻസ് | 460100199 | 1120906 | 1056806 |
| അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസർ | 460500501 | രേഖപ്പെടുത്തിയിട്ടില്ല | 116692 |

6. ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കുകളും തമ്മിലുള്ള വ്യത്യാസം

| കോൺട്രാക്ടേഴ്സ് EMD | അക്കൗണ്ട് ഹെഡ് | രജിസ്റ്റർ പ്രകാരം | അക്കൗണ്ട്സ് പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | | 57175 | 50675 |
| റസീപ്റ്റ് | | 1500 | 1500 |
| ബാലൻസ് | 340100101 | 30600 | 33050 |

7. പാലക്കുഴി ജല വൈദ്യുത പദ്ധതിയുടെ ഷെയർ തുക Investment ആയി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ക്രമ നമ്പർ 5, 6 വ്യത്യാസത്തിന്റെ കാരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണം 1/17-01-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 14052567 |
| വരവ് | 81722735 |
| ആകെ | 95775302 |
| ചെലവ് | 79198638 |
| നീക്കിയിരിപ്പ് | 16576664 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (1) | | 0 | 12271888 | 12271888 | 11362812 | 909076 |
| വികസന ഫണ്ട്-എസ്.സി.പി(2) | | 0 | 9916176 | 9916176 | 5113642 | 4802534 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | | 0 | 14373000 | 14373000 | 6681207 | 7691793 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | | 0 | 4240000 | 4240000 | 3314459 | 925541 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 11192759 | 11192759 | 9893669 | 1299090 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ബി.ആർ. ജി.എഫ് | 2177 | 75 | 2252 | 0 | 2252 |
| | ഐ.സി. ഡി.എസ് | 2423752 | 222838 | 2646590 | 1300000 | 1346590 |
| | ശുചിത്വമിഷൻ ഗ്രാന്റ് | 2004551 | 0 | 2004551 | 432000 | 1572551 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി(2) | 0 | 14644929 | 14644929 | 14644929 | 0 |
| | മെറ്റീരിയൽ കോസ്റ്റ് | 0 | 891980 | 891980 | 891980 | 0 |
| | ഭരണച്ചെലവ് | 75521 | 921161 | 996682 | 994600 | 2082 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | കേരളോത്സവം | | 20000 | 20000 | 20000 | 0 |
| | എം.എൻ ലക്ഷം വീട് | 1012475 | 46064 | 1058539 | 0 | 1058539 |
| | മറ്റ് സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ | 25000 | 5345 | 30345 | 0 | 30345 |
| | ലൈഫ് സംസ്ഥാന | 0 | 10464850 | 10464850 | 10464850 | 0 |

| | വിഹിതം | | | | | |
|---|---|---|---|---|---|---|

കുറിപ്പുകൾ

1. ലൈഫ് ഭവനപദ്ധതിക്കായുള്ള KURDFC ലോൺ തിരിച്ചടവ് തുക 17,94,118/- രൂപ, അങ്കണവാടി വർക്കർമാർക്കുള്ള പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക 9,49,000/- രൂപ എന്നിവ ഉൾപ്പെടെ ആകെ 27,43,118/- രൂപ വികസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും KURDFC ലോൺ തിരിച്ചടവ് ഇനത്തിൽ 58,824/- രൂപ വികസനഫണ്ട് എസ്.സി.പി വിഭാഗത്തിൽ നിന്നും 58,824/- രൂപയും സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത് മേൽപട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 1,65,31,509/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 8,91,980/- രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. ഈ തുക തെറ്റായി റവന്യൂ വരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 8,91,980/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 8,91,980/- രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ലഭ്യമായ പദ്ധതിവിഹിതത്തിൽ 1,56,28,034/- രൂപ ചെലവഴിക്കാൻ കഴിയാത്തതിനാൽ നഷ്ടപ്പെട്ടിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 130299451 | 156 | 65060006 | - | 72 | 68 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 156 എണ്ണത്തിന് മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 50% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം ചെലവ് പത്രിക പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 6004295 | 5220984 | 86.9 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 3830000 | 1654000 | 43 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 750000 | 625275 | 83 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 400000 | 400000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വി.ഇ.ഒ-1 | 7 | 6 | 33344309 | 13478080 | 40 |
| വി.ഇ.ഒ-2 | 3 | 3 | 30045718 | 10202000 | 34 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 4237500 | 4081743 | 96 |
| സെക്രട്ടറി | 27 | 24 | 6903616 | 5568929 | 80.6 |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 7 | 6 | 3275000 | 3054707 | 93 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 165 | 100 | 40929013 | 20574288 | 50 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 380000 | 0 | 0 |
| ആകെ | 228 | 156 | 130299451 | 65060006 | 50 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| തൊഴിലാളി കളുടെ കൂലി | 0 | 14644929 | 14644929 | 14644929 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 891980 | 891980 | 891980 | 0 |
| ഭരണച്ചെലവ് | 75521 | 921161 | 996682 | 994600 | 2082 |
| ആകെ | 75521 | 16458070 | 16533591 | 16531509 | 2082 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 57000 | 42 |
| കർഷകതൊഴിലാളി പെൻഷൻ | 4664400 | 760 |
| വിധവാപെൻഷൻ | 6883800 | 1248 |
| വാർദ്ധക്യകാലപെൻഷൻ | 9855300 | 2005 |
| വികലാംഗപെൻഷൻ | 1828900 | 331 |
| അവിവാഹിത പെൻഷൻ | 441000 | 80 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.01.2022, 2.55 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 4,642/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം.

മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ ഓഡിറ്റ് വർഷത്തെ ടെൻഡർ നടപടികൾ പരിശോധിച്ചതിൽ ഓപ്പൺ ടെൻഡറുകൾക്ക് മത്സരസ്വഭാവമില്ല എന്ന് കാണുന്നു. ടെൻഡർ ഫോറങ്ങൾ കരാറുകാർ പരസ്പരം കൈമാറ്റം ചെയ്യപ്പെടുന്നതായും പ്രവൃത്തികളിൽ മത്സര സ്വഭാവമില്ലാതെ വരുന്നതായും സ്ഥാപനത്തിന് ഇതിലൂടെ നഷ്ടമുണ്ടാകുന്നതായും ഓഡിറ്റ് വിലയിരുത്തുന്നു. അളവുപുസ്തകങ്ങളിൽ പ്രാഥമിക അളവുകൾക്ക് പകരം ചുരുക്കം സ്ഥലങ്ങളിൽ ആവറേജ് അളവുകൾ രേഖപ്പെടുത്തുന്നത് ക്രമപ്രകാരമല്ല. മാത്രമല്ല, അളവുപുസ്തകങ്ങളിലെ വെട്ടിത്തിരുത്തലുകളും പരമാവധി ഒഴിവാക്കേണ്ടതാണ്. ജല ലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ ഭൂജല വകുപ്പ് അനുവദിച്ച് നല്കുന്ന അളവിലും അധികരിച്ച് കിണർ കുഴിക്കുന്നതിലൂടെ

അനാവശ്യമായി പദ്ധതിത്തുക പാഴാകുന്നതായും ഓഡിറ്റ് കണ്ടെത്തി. കുടിവെള്ളപദ്ധതിളിൽ ആവശ്യകത പരിശോധിച്ച് പ്രോജക്ടുകൾ തയ്യാറാക്കുവാനും യീൽഡ് ടെസ്റ്റ് നടത്തി ജല ലഭ്യതയ്ക്കനുസരിച്ച് പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കുവാനും കണക്ഷൻ കൊടുക്കുവാനും തയ്യാറാകണം.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റ് വിഭാഗം ഗ്രാമപഞ്ചായത്തിന്റെ 11/2021 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് നൽകിയിട്ടുണ്ട്. എല്ലാ വരവ് ചെലവ് ഇനങ്ങളും പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ട്. ഗുരുതരമായ അപാകതകൾ ഒന്നും തന്നെ കണ്ടെത്തിയിട്ടില്ല.

കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2017-18 വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ ഖണ്ഡികകൾക്കും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഖണ്ഡികകളിലെ പരാമർശങ്ങളിൽ തുടർ പരിശോധന നടത്തിയതിന്റെ വിവരം 2020-21 റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

## 1-11 ടെൻഡർ നടപടികൾ-അപാകതകൾ

2019-20, ലെ ടെൻഡർ നടപടികളുടെ പരിശോധനയിൽ അപാകതകൾ കണ്ടെത്തിയത് ചുവടെ കൊടുക്കുന്നു.

ഓഡിറ്റ് വർഷത്തെ ടെൻഡർ നടപടികൾ പരിശോധിച്ചതിൽ ഓപ്പൺ ടെൻഡറുകൾക്ക് മത്സരസ്വഭാവമില്ല എന്ന് കാണുന്നു. എന്നാൽ ഇ-ടെൻഡറുകളിൽ രണ്ടിൽ കൂടുതൽ ടെൻഡറുകൾ ലഭ്യമായിട്ടുണ്ട്.

2) 2019-20 സാമ്പത്തിക വർഷത്തിൽ 22.10.2019 ന് നടന്ന ടെൻഡറിലെ 8-ാം നമ്പരായ ചെറിയകോഴിപ്പാടം റോഡ് റീടാറിംഗ് (1,00,000/-രൂപ) എന്ന പ്രവൃത്തിക്ക് ശ്രീ.പി.ഭരതൻ എന്ന കരാറുകാരൻ ടെൻഡർ നല്കിയിട്ടുണ്ട്. എന്നാൽ ടിയാൻ സ്ഥാപനത്തിൽ നിന്നും ടെൻഡർ ഫോറം വാങ്ങിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ഫോറത്തിന്റെ വില അടവാക്കിയിട്ടുണ്ട്. ആയതിൽനിന്നും ടെൻഡർ ഫോറങ്ങൾ കരാറുകാർ പരസ്പരം കൈമാറ്റം ചെയ്യപ്പെടുന്നതായും പ്രവൃത്തികളിൽ മത്സര സ്വഭാവമില്ലാതെ വരുന്നതായും സ്ഥാപനത്തിന് ഇതിലൂടെ നഷ്ടമുണ്ടാകുന്നതായും ഓഡിറ്റ് വിലയിരുത്തുന്നു. ടി വിഷയത്തിൽ ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിൽ കാര്യക്ഷമത പ്രകടിപ്പിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശുപാർശകളും തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-12-1 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

2019-2020 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് രജിസ്റ്ററിൽ 151 സ്ഥാപനങ്ങളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2019-20 ലെ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 173 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ വ്യാപാരികളുടെ വിവരങ്ങൾ സംബന്ധിക്കുന്ന ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല .

സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കേണ്ടതും ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 8/22-01-22 ന് ലഭ്യമാക്കിയ മറുപടിയിൽ വാർഡ് അടിസ്ഥാനത്തിൽ വ്യാപാരികളുടെ വിവരങ്ങൾ സംബന്ധിച്ച ട്രേഡ്സ് ലിസ്റ്റ് കാലികമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ

വാർഡ് തിരിച്ചുള്ള ട്രേഡ്സ് ലിസ്റ്റ് കംപ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-12-2 ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

സാമ്പത്തിക വർഷത്തിലുള്ള പല അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനു പകരം ദൈനംദിന വിറ്റുവരവ് അടിസ്ഥാനമാക്കി തന്നെയാണ് ലൈസൻസ് ഫീസ് ഈടാക്കിവരുന്നത്. മൈക്രോ വിഭാഗത്തിൽ പെടുന്നവരിൽ നിന്നും വ്യത്യസ്ത നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളിൽ നിന്നും ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ലൈസൻസ് നൽകിയ വ്യക്തിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നല്കിയത് | കെട്ടിട നമ്പർ | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| രാജൻ. വി | | ചായ കട | 13/97 | 200 |
| ചന്ദ്രൻ | പോപ്പുലർ റൈസ് മിൽ | ഫ്ലോർ മിൽ | 13/384 | 100 |
| കൃഷ്ണദാസ്.സി.കെ | ചുങ്കത്ത് ഇലക്ട്രികൽസ് | ഇൻസ്ട്രിയൽ ഐറ്റം& ഇലക്ട്രിക്കൽ ഷോപ്പ് | 3/758 | 200 |
| ജോമോൻ എൻ. എം | എൻ.സി.എം ഹോളോ ബ്രിക്സ് യൂണിറ്റ് | ഹോളോ ബ്രിക്സ് യൂണിറ്റ് | 13/192 A | 200 |

വ്യത്യസ്ത നിരക്കിൽ ഫീസ് ഈടാക്കുന്നതിന് മാനദണ്ഡം നിശ്ചിയിച്ചിട്ടുണ്ടെങ്കിൽ തീരുമാനം ലഭ്യമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം 8/22-01-22 ന് ലഭ്യമാക്കിയ മറുപടിയിൽ 2019-20 വരെ പഴയ ലൈസൻസ് അപേക്ഷയാണ് വാങ്ങിയിട്ടുള്ളത്. 2020-21 മൂലധന നിക്ഷേപ പ്രകാരം പുതിയ അപേക്ഷ വാങ്ങിയതായി അറിയിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ ഈടാക്കിയ ലൈസൻസ് ഫീസിന്റെ അടിസ്ഥാനത്തിൽ ഫീസ് വാങ്ങിയതായും കുറവ് വന്നിട്ടുണ്ടെങ്കിൽ തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരികുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

മൈക്രോ വിഭാഗത്തിലെ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്ക് ഈടാക്കുന്നതിന് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ലാബ് നിശ്ചയിച്ച് തീരുമാനമെടുക്കാവുന്നതും ഫീസ് ഈടാക്കാവുന്നതുമാണ്.

മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

1-12-3 ക്ഷീരോദ്പാദകസഹകരണ സംഘത്തിൽ നിന്നും ലൈസൻസ് ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കടമ്പിടി ക്ഷീര സഹകരണ സംഘത്തിന്റെ ലൈസൻസ്

2019-20 വർഷത്തിൽ എടുത്തിട്ടില്ല .

ആയതിന നല്കിയ ഓഡിറ്റ് അന്വേഷണം 8/22-01-22 ന് മറുപടി ലഭ്യമാക്കിയതിൽ ക്ഷീരോത്പാദക സഹകരണ സംഘത്തിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിന വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് .

ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-12-4 വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കുന്നില്ല

1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, (ചട്ടം 18) വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ ഉപയോഗിക്കുന്നതിനോ യഥാക്രമം പട്ടിക lii പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടിക പ്രകാരമുള്ള ഫീസ് പ്രത്യേകമായി ഈടാക്കിയിട്ടില്ലെന്ന് അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം. | ലൈസൻസ് എടുത്ത വ്യക്തിയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീ | ഉപയോഗിക്കുന്ന കുതിരശക്തി | ചുമത്താവുന്ന അധിക ഫീസ് |
|---|---|---|---|---|---|
| 1 | ഹരികൃഷ്ണൻ | ശ്രീകൃഷ്ണ റൈസ് മിൽ | 100 | 10 | 100 |
| 2 | മജീദ് | ദിൽഷി റൈസ് മിൽ | 100 | 10 | 100 |
| 3 | ഷംസുദ്ദീൻ | ഷാഹിദ റൈസ് മിൽ | 100 | 10 | 100 |
| 4 | പി. എ. ദേവസ്യ | പതിയാൻറൈസ് മിൽ | 100 | 10 | 100 |
| 5 | വി. പത്മനാഭൻനക | പത്മ റൈസ് മിൽ | 100 | 10 | 100 |
| 6 | രാധാകൃഷ്ണൻ | ജാനകി റൈസ് മിൽ | 100 | 10 | 100 |
| 7 | അശോകൻ | അശോക റൈസ് മിൽ | 100 | 10 | 100 |
| 8 | വസന്ത | കൈരളി റൈസ് മിൽ | 100 | 10 | 100 |
| 9 | മണികണ്ഠൻ | മണികണ്ഠ റൈസ് മിൽ | 100 | 10 | 100 |
| 10 | ഉണ്ണികൃഷ്ണൻ | ദിവ്യ റൈസ് മിൽ | 100 | 10 | 100 |
| 11 | ഭാസ്കരൻ | ശോഭന റൈസ് മിൽ | 100 | 10 | 100 |

| | | | | | |
|---|---|---|---|---|---|
| 12 | വെള്ള | ശ്രീകൃഷ്ണ റൈസ് മിൽ | 100 | 10 | 100 |
| 13 | സൌഭാഗ്യവതി | സൌഭാഗ്യ ഓയിൽ മിൽ | 100 | 10 | 100 |
| 14 | രാജൻ | കമലം റൈസ് മിൽ | 100 | 10 | 100 |
| 15 | സി.വി രാധാകൃഷ്ണൻ | രഞ്ജിത്ത് സോ മിൽ | 1000 | 36 | 400 |
| 16 | ബ്രാഞ്ച് മാനേജർ, ASCB, ചേരാമംഗലം ബ്രാഞ്ച് | നാളികേര സംഭരണ കേന്ദ്രം | 1000 | 15 | 200 |
| 17 | കുമാരദാസൻ | സോഡ സോഫ്റ്റ് ഡ്രിങ്ക്സ് | 300 | 10 | 100 |
| 18 | കുട്ടൻ | ശ്രീകൃഷ്ണ മോഡേൺ റൈസ് മിൽ | 5000 | 250 | 2050 |
| 19 | ഷിജു എം മാത്യു | എ.ബി.എസ് ടിമ്പർ | 200 | 42.5 | 500 |

ലൈസൻസ് ഫീസിനത്തിൽ തുക കുറവായി ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് റിക്വസിഷൻ 8/22-1-22 ന് വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന മെഷിനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനും ഫീസ് ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും തുക അടവാക്കുന്നതിനായി നോട്ടീസ് തയ്യാറാക്കി സ്ഥാപന ഉടമകൾക്ക് അയക്കുന്നതാണെന്നും തുക അടവാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലൈസൻസ് ഫീസിനത്തിൽ ലഭ്യമാകേണ്ട തുക സ്ഥാപന ഉടമയിൽ നിന്നും ഈടാക്കേണ്ടതും തുക അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13 പാലക്കുഴി ഹൈഡ്രോ ഇലക്ട്രിക് പദ്ധതി-ലാഭവിഹിതം ഉറപ്പാക്കിയിട്ടില്ല

പ്രോജക്ട് നം 66/20 (പാലക്കുഴി ഹൈഡ്രോ ഇലക്ട്രിക് പദ്ധതി)
നിർവ്വഹണം – സെക്രട്ടറി
അടങ്കൽ -200000 (വികസനഫണ്ട് ജനറൽ)
ചെലവ് -200000 (ബിൽ നം 30/21.01.2020)

പദ്ധതിക്കായി മേൽപറയും പ്രകാരമുള്ള തുക പാലക്കാട് ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട് . നിലവിൽ ജലവൈദ്യുത പദ്ധതി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ വിഹിതം നൽകിയ സ്ഥാപനം എന്ന നിലയിൽ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം ലാഭവിഹിതം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ലാഭവിഹിതം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ലാഭവിഹിതം ഇൻവെസ്റ്റ്മെന്റ് ഹെഡിൽ കൊണ്ടുവന്ന് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഷെയർസർട്ടിഫിക്കറ്റ് ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

(ഓഡിറ്റ് അന്വേഷണം നം 4/20.01.22 )

1-14 പെൻസിൽ കാമ്പയിൻ മുൻകൂർ തുക അഡ്ജസ്റ്റ് ചെയ്തിട്ടില്ല

ജാഗ്രതോത്സവം പെൻസിൽ കാമ്പയിൻ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി തനത്ഫണ്ടിൽ നിന്നും താഴെ പറയും വിധം ചെലവ് ഉണ്ടായിട്ടുണ്ട്.

| വൗച്ചർ നം/തീയതി | തുക | ആവശ്യം | ചെലവ് ബുക്ക് ചെയ്തിട്ടുള്ള അക്കൗണ്ട് ഹെഡ് |
|---|---|---|---|
| 21900171/06.06.19 | 800 | മൈക്ക് സെറ്റ് വാടക | Other Items |
| 21900172/06.06.19 | 8550 | 80 പേർക്കുള്ള റിഫ്രഷ്മെന്റ് തുക | Light Refreshment Charges |
| 21900173/06.06.19 | 1000 | ഫാൻ വാടക | Other Items |
| 21900174/06.06.19 | 1648 | സ്റ്റേഷനറി വാങ്ങൽ | Statinery Expenses |
| ആകെ | 11998 | | |

പഞ്ചായത്ത് ഡയറക്ടറുടെ PAN /20018/2018-j5(DP) Dt 9.05.19 , ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ A3/424/HKM/18 Dt 6.05.19 എന്നീ കത്തുകൾ പ്രകാരം പെൻസിൽ കാമ്പയിൻ ചെലവുകൾ കില നിർവ്വഹിക്കേണ്ടതാണെന്നും ഈ ഇനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവാകുന്ന തുകകൾ കിലയിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ചെലവു വൗച്ചറുകൾ ഡി.ഡി.പി മുഖേന കിലയ്ക്ക് അയച്ച് നൽകിയിട്ടുള്ളതിന്റെയോ തുക തിരികെ ലഭ്യമായതിന്റെയോ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഈ ചെലവുകൾ സാംഖ്യയിൽ Advance To Implementing Officers/Other Adavnces എന്ന അക്കൗണ്ട് ഹെഡിലാണ് രേഖപ്പെടുത്തേണ്ടിയിരുന്നത്. അഡ്വാൻസ് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. എന്നാൽ Administration ഇനത്തിൽ ഉൾപ്പെടുത്തി മേൽ പട്ടികയിൽ പറയും പ്രകാരമുള്ള Account Head കളിലാണ് ചെലവ് ചെയ്തിട്ടുള്ളത്.

വിശദീകരണം നൽകുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 7/21.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-15 തെരുവുവിളക്ക്റിപ്പയർ പ്രവർത്തി

തെരുവുവിളക്ക് റിപ്പയർ പ്രവർത്തികൾ താഴെ പറയും പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

നിർവ്വഹണം -സെക്രട്ടറി

പ്രോജക്ട് നം 13/20 (AMC-തെരുവുവിളക്ക് റിപ്പയർ)

അടങ്കൽ - 490000 (മെയിന്റനൻസ് ഫണ്ട് റോഡിതരം )

ചെലവ് -294549

റിപ്പയർ പ്രവർത്തികൾക്കായി ലഭിച്ച ടെണ്ടറുകളിൽ നിന്നും തെരുവുവിളക്കുകൾ കത്തിക്കുന്നതിനാവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനും സർവ്വീസ് ചെയ്യുന്നതിനും ഓരോ ഇനങ്ങൾക്കും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.പി.എസ്.വെങ്കിട്ടരമണൻ എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടറെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിരേഖകളുടെ പരിശോധനയിൻമേലുള്ള ഓഡിറ്റ്

നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു. ഓഡിറ്റ് അന്വേഷണം നം. 9/24.01.22 ന് മറുപടി ലഭ്യമാക്കിയത് പരിഗണിച്ചു.

കരാർ ഉടമ്പടി എല്ലാ രേഖപ്പെടുത്തലുകളും വരുത്തി സൂക്ഷിച്ചിട്ടില്ല

അറ്റകുറ്റപ്പണികൾക്കായി 08.03.2019 ൽ എഗ്രിമെന്റ് നം.1 പ്രകാരം സെക്രട്ടറിയും കരാറുകാരനും തമ്മിൽ കരാർ ഉടമ്പടി വച്ചിട്ടുണ്ടെങ്കിലും ഇതിൽ ആവശ്യമായ എല്ലാ വ്യവസ്ഥകളും ഉൾപ്പെടുത്താത്തതിനാൽ ഉടമ്പടി പുതുക്കി നൽകുന്നതിന് സെക്രട്ടറി 25.11.19 ലെ കത്ത് നം എ2-817/19 പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ പുതുക്കി ലഭ്യമാക്കിയ ഉടമ്പടിയിൽ കൂടുതൽ വ്യവസ്ഥകൾ ചേർത്തിട്ടുണ്ടെങ്കിലും എഗ്രിമെന്റ് നമ്പറോ തീയതിയോ രേഖപ്പെടുത്തിയിട്ടില്ല. തെരുവിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി പരാതിക്കാരുടെ പേര്, പരാതിയുടെ വിവരണം, പോസ്റ്റ് നമ്പർ, പരാതി പരിഹരിച്ചതിന്റെ വിവരം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുള്ള പരാതി രജിസ്റ്റർ സൂക്ഷിക്കുന്നത് സംബന്ധിച്ച് ഉടമ്പടിയിൽ ഒന്നും വ്യവസ്ഥ ചെയ്തിട്ടില്ല. പരാതി രജിസ്റ്റർ സൂക്ഷിക്കുന്നത് സംബന്ധിക്കുന്ന വ്യവസ്ഥകൾ എഗ്രിമെന്റിൽ ഉൾക്കൊള്ളിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വാങ്ങൽ നടപടികൾ Gem ലൂടെ നടപ്പിലാക്കിയിട്ടില്ല

അറ്റകുറ്റപ്പണികൾക്കാവശ്യമായ തെരുവുവിളക്കുകളും അനുബന്ധസാമഗ്രികളും കരാറുകാരൻ തന്നെയാണ് വിതരണം ചെയ്തിട്ടുള്ളത്. റിപ്പയറിനാവശ്യമായ വാങ്ങലിനുള്ള ബില്ലുകൾ മാത്രമാണ് കരാറുകാരൻ സമർപ്പിച്ചിട്ടുള്ളത്. റിപ്പയർ എത്ര എന്ന് വ്യക്തമാക്കുന്ന രേഖകൾ ഇല്ല. വാങ്ങൽ പ്രവൃത്തികൾ Gem മുഖേന വാങ്ങി കരാറുകാരന് റിപ്പയർ ചുമതല മാത്രം നൽകുന്ന രീതിയിൽ മേലിൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

വാങ്ങിയ തെരുവുവിളക്കുകളുടെ വിവരം

സ്റ്റോക്ക് രജിസ്റ്റർ, പർച്ചേസ് ബില്ലുകൾ എന്നിവ പ്രകാരം തെരുവുവിളക്കുകൾ തൻവർഷം വാങ്ങിയതിന്റെയും റിപ്പയർ പ്രവർത്തിക്കായി അനുവദിച്ചതിന്റെയും വിവരം താഴെ ചേർക്കുന്നു.

| തെരുവുവിളക്ക് ഇനം | റിപ്പയർ പ്രവർത്തിക്കായി വാങ്ങിയ തെരുവുവിളക്കുകളുടെ എണ്ണം | | | 01.04.2019 ലെ മുന്നിരിപ്പ് | ആകെ തൻവർഷം റിപ്പയർ പ്രവർത്തി ക്കായി അനുവദിച്ചത് |
|---|---|---|---|---|---|
| | 4/19 | 8/19 | 2/20 | | |
| 36 Wട്യൂബ് | 0 | 267 | 11 | 265 | 543 |
| LED ട്യൂബ് സെറ്റ് | - | 7 | 270 | 0 | 277 |
| 9 W LED ബൾബ് | - | 2 | 184 | 0 | 186 |
| 250 W SVL ബൾബ് | 0 | 3 | 1 | 15 | 19 |
| CFL 11W 2 Pin | 0 | 238 | 80 | 100 | 418 |
| CFL 11W 4 Pin | 0 | 0 | 4 | 0 | 4 |

ഓരോ ഇനം തെരുവുവിളക്കുകളുടെയും അനുബന്ധ സാമഗ്രികളും ഉൾപ്പെടെ ആണ് പർച്ചേസ് നടത്തിയിട്ടുള്ളത്.

ആവശ്യമായ സാക്ഷ്യപത്രങ്ങൾ ഉറപ്പു വരുത്താതെ തുക നൽകി

കത്താത്ത തെരുവുവിളക്കുകൾ റിപ്പയർ ചെയ്ത് മാറ്റി സ്ഥാപിച്ചിട്ടുള്ളതായി കരാറുകാരൻ കത്തും ബില്ലും നൽകുമ്പോൾ തുക അനുവദിക്കുന്ന രീതിയാണ് നിലനിൽക്കുന്നത്. തെരുവുവിളക്കുകൾ സ്ഥാപിച്ചുവെന്ന് ഉറപ്പു വരുത്തുന്നതിനായി കെ.എസ്.ഇ.ബിയുടെ സാക്ഷ്യപത്രം, അതത് വാർഡ് മെമ്പർമാരിൽ നിന്നും തെരുവുവിളക്കുകൾ റിപ്പയർ ചെയ്ത് സ്ഥാപിച്ചതു സംബന്ധിക്കുന്ന സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പരാതി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മേൽ പട്ടിക പ്രകാരമുള്ളത്രയും റിപ്പയർ

പ്രവർത്തികൾ നടപ്പിലാക്കിയതിന്റെ ആവശ്യകത വിലയിരുത്തുന്നതിനും കഴിയുന്നില്ല.

റിപ്പയർ പ്രവർത്തികൾ പൂർത്തിയാക്കിയതിനു ശേഷം വൈദ്യുതി ചാർജ്ജിൽ ആയതനുസരിച്ചിട്ടുള്ള മാറ്റം ഉണ്ടാകുന്നുണ്ടോ എന്ന വിവരവും ആരും തന്നെ മോണിറ്റർ ചെയ്യുന്നില്ല. 8/2019 ൽ 267 36W Tube, 7 Led , 3 SVL , 238 11 W 2 Pin എന്നിവ റിപ്പയർ ചെയ്ത് പ്രവർത്തിപ്പിച്ചതായി കരാറുകാരൻ അറിയിച്ചിട്ടുണ്ടെങ്കിലും റിപ്പയർ ചെയ്ത് പ്രവർത്തിപ്പിച്ചവയുടെ ആനുപാതിക വർദ്ധനവ് വരുന്നില്ല. 7/2019 ലെ തെരുവുവിളക്കുകളുടെ ആകെ വൈദ്യുതി ചാർജ്ജ് 93,326/- രൂപയും 8/19 ലെ ആകെ വൈദ്യുതി ചാർജ്ജ് 89,037/- രൂപയും ആണ്. റിപ്പയർ ചെയ്ത ബൾബുകളുടെ എണ്ണം മെമ്പർമാരുടെ കത്ത് പ്രകാരം ഉറപ്പു വരുത്തിയാണ് തുക നൽകിയിട്ടുള്ളതെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്.

മാറ്റി വക്കുന്ന സാമഗ്രികൾക്ക് പകരം പഴയ സാമഗ്രികൾ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചിട്ടുണ്ടോ എന്ന വിവരം വ്യക്തമല്ല

കരാർ ഉടമ്പടി പ്രകാരം മാറ്റി വക്കുന്ന സാമഗ്രികൾക്ക് പകരം കരാറുകാരൻ പഴയവ ഗ്രാമപഞ്ചായത്തിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്. കേടായ സാമഗ്രികൾ അതത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണെങ്കിലും ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി പഴയ സാമഗ്രികൾ ഡിസ്പോസ് ചെയ്തിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

SVL ലാമ്പുകളുടെ അറ്റകുറ്റപ്പണി

തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള ചെലവുകൾ മെയിന്റൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ടിൽ നിന്നുമാണ് നടത്തിയിരിക്കുന്നത്. ഇതിൽ 250 W SVL ബൾബുകൾ കത്താത്തതിനെത്തുടർന്ന് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(കൈ)നം 22/2018 ത.സ്വ.ഭ.വ തീയതി 14.02.2018 ഖണ്ഡിക 7.9.1 പ്രകാരം ഉയർന്ന ഊർജ്ജഉപഭോഗം ഉള്ള സോഡിയം വേപ്പർലാമ്പുകൾ സ്ഥാപിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള പദ്ധതികൾ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. നിലവിൽ സ്ഥാപിച്ചിട്ടുള്ളവയുടെ അറ്റകുറ്റപ്പണികൾ മാത്രം തനത് ഫണ്ട് വകയിരുത്തി ചെയ്യാവുന്നതാണ് എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. തനത് ഫണ്ട് കുറവായതു കൊണ്ടാണ് ഇപ്രകാരം ചെയ്തിട്ടുള്ളതെന്നും 20-21, 21-22 വർഷങ്ങളിൽ ഊർജ്ജ ഉപഭോഗം കൂടിയ SVL ബൾബുകൾ ഉപയോഗിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ കൃത്യമാക്കി സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. പരാതി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവ സൂക്ഷിക്കേണ്ടതാണ്.

3. കിഫ്ബി ധനസഹായത്തോടെ ആരംഭിച്ച "നിലാവ് " പദ്ധതിയുടെ നിശ്ചിത സമയത്തിനുള്ളിലുള്ള പൂർത്തീകരണം ഗ്രാമപഞ്ചായത്തിൽ ഉറപ്പു വരുത്തേണ്ടതാണ്. നിലാവ് പൂർത്തിയാകുമ്പോഴും മെയിന്റനൻസ് ഗ്രാമപഞ്ചായത്തിന്റെ ചുമതല ആയതിനാൽ കൃത്യമായ എണ്ണം , വാറണ്ടി വിവരങ്ങൾ ഇവ രേഖകളാക്കി സൂക്ഷിക്കേണ്ടതാണ്.

1-16 നെൽകൃഷിക്ക് കൂലി ചെലവ് മുഴുവൻ തുകയും ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം 22/19-20 നെൽകൃഷിക്ക് കൂലി ചെലവ്

| ഫണ്ട് | അടങ്കൽ | ലഭ്യമായ തുക | ചെലവ് |
|---|---|---|---|
| വികസനഫണ്ട് (പൊതു) | 2696000 | 2695945 | 2695945 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1110100 | 1110095 | 1110095 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1585900 | 1014944 | 1014944 |

ജില്ലാ പഞ്ചായത്ത് വിഹിതം 15,85,900/- രൂപ വകയിരുത്തിയതിൽ 10,14,944/- രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചത്. സംയുക്ത പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ പങ്കാളികളായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും മുഴുവൻ വിഹിതവും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് റിക്വസിഷന് ( 10/25-01-22) ലഭ്യമാക്കിയ മറുപടിയിൽ ചില സാഹചര്യങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബ്ലോക്ക്, ജില്ലാ വിഹിതത്തിൽ കുറവു വരാറുണ്ടെന്നും ഈ കാലയളവിൽ ജില്ലാ പഞ്ചായത്ത് വിഹിതം 5,000/- രൂപയ്ക്ക് പകരം 3,200/- രൂപ മാത്രമാണ് അനുവദിച്ചതെന്നും ആയതിനാലാണ് മുഴുവൻ തുകയും ലഭിക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്.

പ്രോജക്റ്റ് രൂപീകരണത്തിനു മുമ്പായി മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 എബിസി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നം | 111/19-20 |
| പ്രൊജക്റ്റിന്റെ പേര് | എബിസി പ്രോഗ്രാം |
| അടങ്കൽ | 350000(പൊതുവിഭാഗം) |
| ചെലവ് | 350000 |
| ബിൽ നം, തീയതി | 1/19-20, 21-1-20 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജ്ജൻ |

തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും അതു വഴി പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുന്നതിനും ജന്തുജന്യരോഗങ്ങൾ ഫലപ്രദമായി തടയുന്നതിനുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പാലക്കാട് ജില്ലാപഞ്ചായത്താണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കായി ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 3,50,000/- രൂപ ജില്ലാ പഞ്ചായത്തിലേക്ക്(ട്രെഷറി അക്കൗണ്ട് നം-799011400002200) കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം-5, 21-1-22).

1-18 പൊതുമരാമത്ത്-പാർശ്വഭിത്തി സംരക്ഷണം ചെലവുതുക തടസ്സപ്പെടുത്തുന്നു.

പ്രവർത്തി-മാങ്ങോട് -കല്ലങ്കാട് കനാൽ ബണ്ട് റോഡ് സൈഡ് പ്രൊട്ടക്ഷൻ 2019-20(ജനറൽ-എം.ജി)

പ്രോജക്റ്റ് നം. 151/19-20 അടങ്കൽ 200000/-

ബിൽ നം. 83/19-20,13.3.2020 തുക. 199000/-

അളവുപുസ്തകം നം. 6/19-20 നിർവ്വഹണം: അസി.എൻജിനിയർ

മേൽപ്പറഞ്ഞ പ്രവർത്തിയുടെ രണ്ടാം ഇനമനുസരിച്ച് ഡി.ആർ മേസിനറി ഇനം 45 സെന്റീമീറ്റർ അളവിൽ എത്തിച്ച് കെട്ടിയാൽ മാത്രമേ 45 സെന്റീമീറ്റർ വീതിയിൽ ടോപ്പ് ബെൽറ്റ് നിർമ്മിക്കുവാൻ കഴിയുകയുള്ളൂ. ഇവിടെ 70 സെന്റീമീറ്റർ വീതിയിൽ കെട്ടിത്തുടങ്ങുന്ന പാർശ്വഭിത്തിയുടെ സൂപ്പർ സ്ട്രക്ച്ചർ 50 സെന്റീമീറ്റർ വീതിയിൽ അവസാനിക്കുന്നതായി അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നു. 45 സെന്റീമീറ്റർ വീതിയിലുള്ള ടോപ്പ് ബെൽറ്റ് അളവു രേഖപ്പെടുത്തി നല്കിയിരിക്കുന്നത് ക്രമപ്രകാരമല്ല. മാത്രവുമല്ല എസ്റ്റിമേറ്റിൽ 80 സെന്റീമീറ്റർ ഫൗണ്ടേഷൻ വീതി നിഷ്കർഷിച്ച സാഹചര്യത്തിൽ പ്രവർത്തി നിർവ്വഹിച്ചിരിക്കുന്നതിന് 90 സെന്റീ മീറ്റർ വീതിയിൽ ആണ്. ആയതിന് പ്രത്യേക കാരണങ്ങൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം വ്യത്യസ്ത അളവുകൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിക്കുന്നതിന് 21.01.2022 ന് 6-ാം നമ്പരായി ഓഡിറ്റ് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തിയുടെ നിർവ്വഹിച്ച ഇനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കേണ്ടതാണ്. ടി സാഹചര്യത്തിൽ വിശദീകരണം ലഭ്യമാക്കുംവരെ വരെ ചെലവുതുക 1,99,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 ചിറ്റലഞ്ചേരി- മണ്ണാന്തറ കുടിവെള്ള പദ്ധതി അനുവദനീയമായ അളവിനും അധികരിച്ച ചെലവഴിച്ച പദ്ധതിത്തുക ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ
പ്രോജക്റ്റ്. ചിറ്റലഞ്ചേരി- മണ്ണാന്തറ കുടിവെള്ള പദ്ധതി(201/17-18)

അളവുപുസ്തകം. 13/17-18

അടങ്കൽ. 3,00,000/-രൂപ

മുൻവർഷ ചെലവ് -92321/-രൂപ (113/17-18,26-3-2018)

ബിൽനം. -1/19-20

തുക. -1,35,867/-രൂപ

മേല്പ്പറഞ്ഞ പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു കുടിവെള്ള പദ്ധതിയിൽ മതിയായ വെള്ളമില്ലാതെ വന്നതിനാൽ പുതിയ പദ്ധതി ആവിഷ്കരിച്ച് 2017-18 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയതാണെന്ന് കണ്ടു. എന്നാൽ 2017-18 ൽ ഭൂജല വകുപ്പ് അനുവദിച്ച് നല്കിയ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ടി വർഷത്തെ എസ്റ്റിമേറ്റ് പ്രകാരം 140 മീറ്റർ ആഴത്തിൽ കുഴിക്കുവാൻ പദ്ധതി വിഭാവനം ചെയ്തിരുന്നു. എന്നാൽ ആയതിന് 166 മീറ്റർ ആഴത്തിൽ കുഴൽകിണർ കുഴിച്ചിട്ടും വെള്ളം ലഭ്യമായില്ല. ടി സാഹചര്യത്തിൽ 2019-20 ൽ വീണ്ടും 186 മീറ്റർ ആഴത്തിലുള്ള കുഴൽ കിണർ കുഴിക്കുന്നത്. എന്നാൽ ആയതും ജലം ലഭ്യമാകാതെ പരാജയപ്പെടുകയാണുണ്ടായത്. ഇവിടെ മുൻപ് കുഴിച്ച കുഴൽക്കിണറിന്റെ ആഴവും ഉപയോഗിക്കേണ്ടിവന്ന കേസിംഗ് പൈപ്പിന്റെ നീളവും ഭൂജല വകുപ്പിന് അറിയിച്ചതായി കാണുന്നില്ല. എന്നാൽ എസ്റ്റിമേറ്റിൽ 7.5 HP മോട്ടോറിനായുള്ള 1,36,013/-രൂപ ഉൾപ്പെടെ പദ്ധതി അടങ്കൽ ബാക്കി ഉണ്ട് എന്ന കാരണത്താലാണ് ഇവിടെ തുടർച്ചയായി വെള്ളം ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ മൂന്നാമത് ഒരു കിണർ കൂടി കുഴിക്കുവാൻ നിർബ്ബന്ധിതമായത്. എന്നാൽ ഇതിൽ ഭൂജല വകുപ്പ് GWPK.178/19, Dt.08.03.2018 പ്രകാരം അനുവദിച്ച് നല്കിയ 160 മീറ്റർ അളവിൽനിന്നും 26 മീറ്റർ അധികരിച്ച് കിണർ കുഴിച്ചതിലൂടെ അനാവശ്യമായി പദ്ധതിത്തുക ചെലവഴിച്ച നടപടി ഓഡിറ്റ് അനുവദിക്കുന്നില്ല. അധികമായി ചെലവഴിച്ച തുക 15,613/- രൂപ (600.5*26=15613) വിശദീകരണത്തിന്റെ അഭാവത്തിൽ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് 17-01-2022 തീയ്യതിയിൽ 2/2019-20 ആയി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-20 ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ നിർമ്മിച്ച കുഴൽക്കിണറിന്റെ ചെലവുതുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

കൊളുമ്പ് -ഉങ്ങിൻ ചുവട് കുടിവെള്ള പദ്ധതി (SOO191/19-20)
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ
ബിൽ നം. 52/19-20

തുക- 3,23,575/-രൂപ
തീയ്യതി- 7-9-2019

അളവുപുസ്തകം-48/18-19

2018-19 സാമ്പത്തിക വർഷം അംഗീകാരം ലഭ്യമായതും 2018-19, 2019-20 എന്നീ കാലയളവിൽ നിർവ്വഹണം നടത്തിയതുമായ മേല്പ്പറഞ്ഞ പ്രോജക്റ്റ് നിലവിലുള്ള കുടിവെള്ള പദ്ധതിയിൽ 50 കുടുംബങ്ങൾക്ക് മതിയായ കുടിവെള്ളം ലഭ്യമാകാത്തതിനാൽ വിഭാവനം ചെയ്തതായിരുന്നു. 2019-20 വാർഷിക പദ്ധതിയിൽ സ്പില്ലോവറായി സി.എഫ്.സി ഫണ്ടുപയോഗിച്ച് അസി.എഞ്ചിനീയർ നടപ്പാക്കിയ ടി കുടിവെള്ള പദ്ധതിയിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ രണ്ടാമത് നിർമ്മിച്ച കുഴൽക്കിണറിന്റെ ചെലവുതുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അനുവദിച്ച് നല്കിയ തുക

1,06,288/-രൂപ (177*600.5) ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദവിവരങ്ങൾ ഖണ്ഡിക 3-1 ൽ കൊടുത്തിട്ടുണ്ട്.

1-21 തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ വർക്കുകളുടെ ബില്ലുകളിൽനിന്ന് ജിഎസ്സ്.റ്റി അടവാക്കിയിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ വർക്കുകളുടെ ബില്ലുകളിൽനിന്ന് ജി.എസ്.ടി അടവാക്കിയിട്ടില്ല. എന്നാൽ പേയ്മെന്റ് വിവരങ്ങൾ ജി.എസ്.ടി ഡിപ്പാർട്ട്മെന്റിന് അയച്ചുകൊടുത്തതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ബിൽ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | വിവരണം | അളവുപുസ്തകം നം. | നല്കിയ തുക |
|---|---|---|---|---|
| 1) | പള്ളിപ്പാടം റോഡ് കോൺക്രീറ്റിംഗ് (1606008003/RC /279579) | (1606008003/ RC/279579) | | 151696.30 |
| 2) | കോരാംപറമ്പ് പ്രദേശത്തേക്ക് റോഡ് നിർമ്മാണം | (1606008003/ RC/282236) | | 161101.47 |
| 3) | കോളേജ് ഹരിയുടെ വീടിനു മുന്നിലുള്ള റോഡ് കോൺക്രിറ്റിംഗ് | (1606008003/ RC/284653) | | 117200.70 |
| 4) | സ്വർഗ്ഗനാഥക്ഷേത്രം ഇടവഴി കോൺക്രീറ്റിംഗ് | (1606008003/ RC/284655) | | 163442.9375 |
| 5) | നീർക്കലാംക്കോട് പനഞ്ചിക്കൽ റോഡ് നിർമ്മാണം | (1606008003/ RC/284657) | | 160944.075 |
| 6) | വലിയകോഴിപ്പാടം മുതൽ കാട്ടുകുളത്തിനു സമീപം ഇടവഴി റോഡ് നിർമ്മാണം | (1606008003/ RC/284668) | | 161223.9375 |
| 7) | കിഴക്കേമുറി | (1606008003/ | | 94064.4025 |

| | | | | |
|---|---|---|---|---|
| | ഇടവഴി റോഡ് കോൺക്രീറ്റ് | RC/286336) | | |
| 8) | നൊച്ചിക്കാട് നൊണ്ണകുളം ഇടവഴി നിർമ്മാണം | (1606008003/ RC/287787) | | 85007.5175 |
| 9) | മണലിക്കാട് ഇടവഴി നിർമ്മാണം | (1606008003/ RC/72122) | | 164038.10 |
| 10) | മുതുകുന്നി തോണി റോഡ് സൈഡ് സംരക്ഷണം | (1606008003/ WC/348571) | | 174571.8 |
| 11) | കുണ്ടുപറമ്പ് റോഡ് സൈഡ് സംരക്ഷണം | (1606008003/ WC/348572) | | 165920.4 |

1-22 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ- ബില്ലിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല

സാമ്പത്തിക വർഷത്തിൽ വയോജനക്ഷേമം ലക്ഷ്യമാക്കി ഗ്രാമപഞ്ചായത്തിലെ 60 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി (എസ്.സി) പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രസ്തുത പ്രോജക്ടിന്റെ ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| 20/20 | വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി) | 4,50,000- എസ്.സി.പി | 4,35,000 | 4/ 07.11.19 |

ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ- ഓപ്പറേറ്റീവ് ലിമിറ്റഡ് (ARTCO) യിൽ നിന്നും നേരിട്ട് 100 കട്ടിലുകൾ ഒന്നിന് 4,350/- രൂപ നിരക്കിൽ (18% ജി.എസ്.ടി ഉൾപ്പെടെയാണ് )4,35,000/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) ൽ വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുന്നതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

| ഇൻവോയ്സ് നം./ തീയതി | ജി.എസ്.ടി ഒഴികെയുള്ള ബിൽ തുക | കുറവു ചെയ്യേണ്ട തുക (2%) |
|---|---|---|
| 98/ 23-10-19 | 365550 | 7311 |

എന്നാൽ ഇപ്രകാരം ജി.എസ്.ടി 2% കുറവു ചെയ്യാതെ മുഴുവൻ തുകയും സ്ഥാപനത്തിന് നല്കിയിട്ടുണ്ട്.

ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/28-01-22) മറുപടി ലഭ്യമാക്കിയില്ല.

ബി) ജി.ഒ (ആർ.ടി ) നം. 8/2020/എസ്.പി.ഡി തി.10-02-2020 ഖണ്ഡിക 4 പ്രകാരം അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും വാങ്ങൽ നടത്തുമ്പോൾ വിതരണം ചെയ്യുന്ന സാധനങ്ങൾ തങ്ങളുടെ സ്ഥാപനത്തിൽ നിർമ്മിച്ചതാണെന്നുള്ള സാക്ഷ്യപത്രം സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. എന്നാൽ വിതരണം ചെയ്ത കട്ടിലുകൾ സ്ഥാപനത്തിൽ നിർമ്മിച്ചതാണെന്നുള്ള സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താത്തതിനാൽ കൈപ്പറ്റിയ മുഴുവൻ തുകയ്ക്കും ബാധകമായ ജി.എസ്.ടി സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി ഉറപ്പ് വരുത്തേണ്ടതാണ്.

2. ഭാവിയിൽ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന സാഹചര്യങ്ങളിൽ ബില്ലിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ നിർമ്മിച്ച കുഴൽക്കിണറിന്റെ ചെലവുതുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

കൊളമ്പ് -ഉങ്ങിൻ ചുവട് കുടിവെള്ള പദ്ധതി (S00191/19-20)
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ
ബിൽ നം. 52/19-20

തുക- 3,23,575/-രൂപ

തീയ്യതി- 7-9-2019

അളവുപുസ്തകം-48/18-19

2019-20 വാർഷിക പദ്ധതിയിൽ സി.എഫ്.സി ഫണ്ടുപയോഗിച്ച് അസി.എഞ്ചിനീയർ നടപ്പാക്കിയ കൊളമ്പ് – ഉങ്ങിൻ ചുവട് കുടിവെള്ള പദ്ധതിയിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ രണ്ടാമത് നിർമ്മിച്ച കുഴൽക്കിണറിന്റെ ചെലവുതുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 2018-19 സാമ്പത്തിക വർഷം അംഗീകാരം ലഭ്യമായതും 2018-19, 2019-20 എന്നീ കാലയളവിൽ നിർവ്വഹണം നടത്തിയതുമായ ടി പ്രോജക്റ്റ്, നിലവിലുള്ള കുടിവെള്ള പദ്ധതിയിൽ 50 കുടുംബങ്ങൾക്ക് മതിയായ കുടിവെള്ളം ലഭ്യമാകാത്തതിനാൽ വിഭാവനം ചെയ്തതായിരുന്നു. (എസ്റ്റിമേറ്റ് നം.2018/69859 TS No.26091/2018-19 ആയ എസ്റ്റിമേറ്റ് റിപ്പോർട്ട് കാണുക . )

02-11-2018 ലെ ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റിയുടെ അടിസ്ഥാനത്തിൽ ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്ത് അവരുടെ അനുമതിയോടെ 140 മീറ്റർ ആഴത്തിൽ ഭൂജല വകുപ്പ് പെമാർക്ക് ചെയ്ത സ്ഥലത്ത് ആറ് ഇഞ്ച് വ്യാസത്തിൽ ഒരു കുഴൽക്കിണർ കുഴിക്കുവാൻ അനുമതി നല്കുകയുണ്ടായി. അപ്രകാരം 24-12-2018 ന് 170മീറ്റർ ആഴത്തിൽ കുഴിച്ചിട്ടും ജലം ലഭ്യമാകാതെ പരാജയപ്പെട്ടു. തുടർന്ന് 12-07-2019 ന്

അതായത് 2019-20 സാമ്പത്തിക വർഷത്തിൽ ഫീസിബിലിറ്റി ഇല്ലാതെ വീണ്ടും 177 മീറ്റർ ആഴത്തിൽ മറ്റൊരു കുഴൽക്കിണർ കുഴിക്കുകയുണ്ടായി. ആയതിന് വേണ്ടിയുള്ള സർവ്വേ റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. 27-09-2018ൽ അടവാക്കിയ 7,360/-രൂപയുടെ രസീതിമാത്രമാണ് ഇതോടോപ്പം ലഭ്യമാക്കിയിരിക്കുന്നത്. ഇത് എന്തിനായിരുന്നവെന്ന് വ്യക്തമല്ല. എന്നാൽ ടി രണ്ടു കുഴൽക്കിണറുകളിലും ജലം ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ പ്രോജക്റ്റ് റിവൈസ് ചെയ്ത് 3-ാം വാർഡിലെ വി.കെ നഗർ, അരകുന്നി എന്നീ ഭാഗങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് പദ്ധതി പൂർത്തീകരിക്കുവാൻ ഭരണസമിതി 28-06-19 ൽ 5 (3) നമ്പറായി തീരുമാനമെടുത്തുവെന്ന് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അളവുപുസ്തകം 48/18-19 പ്രകാരം 2-07-2019 നാണ് രണ്ടാമത്തെ കുഴൽക്കിണർ കുഴിക്കുന്നത്. അളവുപുസ്തകം 48/18-19 പ്രകാരമുള്ള രേഖപ്പെടുത്തലുകളും തീരുമാനങ്ങളും തമ്മിൽ പൊരുത്തക്കേടുകൾ കാണുന്നു. മേൽ സാഹചര്യത്തിൽ ടി ചെലവുകൾ അംഗീകരിക്കുവാൻ മതിയായ രേഖകൾ, വിശദീകരണങ്ങൾ എന്നിവ 19.01.2022 ന് 3-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടതിന് മറുപടി/വിശദീകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ രണ്ടാമത് കുഴിച്ച കിണറിന് അനുവദിച്ച് നല്കിയ തുക 1,06,288/-രൂപ (177*600.5) ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 12.01.2022 മുതൽ 28.01.2022 വരെ 2019-20, 2020-21 വർഷങ്ങളിലെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 83333 | ഭിന്നശേഷി-സ്കോളർഷിപ്പ് | 0 | 83333 |
| | 2018-19 | 2139 | CNS റോഡ് നവീകരണം | | 2139 |
| | 2018-19 | 500000 | തെക്കുപുറം ആലിക്കൽ, ചീനിപ്പുഴ റോഡ് നവീകരണം | 483075 | 16925 |
| | 2018-19 | 48111 | പാലിയേറ്റീവ് കെയർ | 0 | 48111 |
| | 2018-19 | 38900 | ലൈഫ് ഭവന നിർമ്മാണം -ജനറൽ | 38900 | 0 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 139158 | ലൈഫ് ഭവന നിർമ്മാണം -എസ്.സി.പി | 80000 | 59158 |
| ബ്ലോക്ക് വിഹിതം തൻവർഷം വരവ് | 2019-20 | 367350 | ലൈഫ് ഭവനപദ്ധതി-(എസ്.സി) | 0 | 367350 |
| | | 250000 | പാലിയേറ്റീവ് കെയർ പദ്ധതി | 250000 | 0 |
| | | 1816577 | ലൈഫ് ഭവന പദ്ധതി -ഫേസ്-2, ജനറൽ | 1377961 | 438616 |
| | | 1110095 | ഉഴവുകൂലി സബ്സിഡി | 1110095 | 0 |
| | | 200000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| ആകെ ബ്ലോക്ക് വിഹിതം | | 4555663 | | 3540031 | 1015632 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 77035 | ലൈഫ് ഭവന നിർമ്മാണം -എസ്.സി.പി | 0 | 77035 |
| | 2018-19 | 11902 | 175/20ലൈഫ് ഭവന നിർമ്മാണം -ജനറൽ | 11902 | 0 |
| | 2019-20 | 1014944 | 22/20-നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 1014944 | 0 |
| | | 1254295 | 231/20 ലൈഫ് ഭവനം -ജനറൽ | 11237 | 1243058 |
| ആകെ | | 2358176 | | 1038083 | 1320093 |

1.2018-19 വർഷം ലൈഫ് (ജനറൽ) ഭവനപദ്ധതിക്കായി ലഭിച്ച തുകയിൽ 38,900/- രൂപയാണ് ബാലൻസ് ഉള്ളത്. മുൻവർഷം ബാലൻസ് ഷീറ്റ് പ്രകാരം 31,223/- രൂപ മാത്രമാണ് ബാലൻസ് കാണിച്ചിട്ടുള്ളത്.

2. പാലിയേറ്റീവ് കെയർപദ്ധതിക്കായി ആകെ 2,50,000/- രൂപ വരവും ചെലവും ഉണ്ട്. എന്നാൽ ഇതിൽ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ഗുണഭോക്താക്കൾക്ക് കൈമാറിയ 50,000/- രൂപ വാർഷിക ധനകാര്യ പത്രികയിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

3. ബ്ലോക്ക് വിഹിതത്തിൽ നിന്നും തൻവർഷം 35,40,031/- രൂപയുടെ ചെലവ് ഉണ്ട്. എന്നാൽ വാർഷികധനകാര്യപത്രിക പ്രകാരം 27,73,251/- രൂപയുടെ ചെലവ് മാത്രമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളൂ. യഥാർത്ഥ നീക്കിയിരിപ്പ് 10,15,632/- രൂപ ആണെങ്കിലും ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരം 17,24,735/- രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്.

സംയുക്ത പദ്ധതികൾക്കായി അതത് ഏജൻസികൾ നേരിട്ടും ഗ്രാമപഞ്ചായത്ത് വഴിയും ചെലവഴിക്കുന്ന ഫണ്ടുകളുടെ വിവരം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. വിനിയോഗിക്കാൻ കഴിയാത്ത തുകകൾ തിരികെ അടവാക്കേണ്ടതാണ്. കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 63/20,വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റലും ലൈൻ വലിക്കലും | 29/15.11.2019 | 541077 | 541077 | തുക മുഴുവൻ ചെലവഴിച്ചു. 2022 ജനുവരിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. |
| | 135/20, 4,5,8,9, 10,12,15 എന്നീ വാർഡുകളിൽ ലൈൻ വലിക്കൽ, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 32/23.11.2019 | 52610 | 52610 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഈ ഇനത്തിൽ സ്ഥാപനത്തിന് ചെലവില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 81,15,150/- രൂപ വരവുണ്ട്. മുഴുവൻ തുകയും തൻവർഷം തന്നെ വിനിയോഗിച്ചിട്ടുണ്ട്. ചെലവഴിക്കാനവശേഷിക്കുന്ന മുൻബാക്കി ഇല്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | സ.ഉ. (സാധാ) നം 68/2018 ത.സ്വ.ഭ.വ/18.05.18 | 2018-19 വർഷം ലഭ്യമായത്- 17944850<br>2019-20 വർഷം ലഭിച്ചത്- 8115150<br>ആകെ -26060000 | 17944850 | 1852942 | 0 | 24207058 |

വായ്പയുടെ വിനിയോഗം, വായ്പ തിരിച്ചടവ് ഉടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി ലോൺരജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്റർ തയ്യാറാക്കി ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5, B-6 എന്നിവയുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

നിലവിൽ സ്ഥിര നിക്ഷേപം ഇല്ല. പാലക്കുഴി ജലവൈദ്യുത പദ്ധതിക്കായി ജില്ലാപഞ്ചായത്തിന് നൽകിയ തുകയ്ക്കുള്ള ഷെയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കി സൂക്ഷിക്കേണ്ടതും ഷെയർ വാല്യൂ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയുടെ ഇൻവെസ്റ്റ്മെന്റ് ഹെഡിൽ കൊണ്ടുവരേണ്ടതുമാണ്.

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യപത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഹെഡിൽ 56,580/- രൂപയുടെ വരവ് കാണിച്ചിട്ടുണ്ട്. ഇതിൽ 36,600/- രൂപ ഈ ഹെഡിൽ തെറ്റായി വരവ് ചെയ്ത തുക ആണ്. യഥാർത്ഥത്തിലുള്ള 19,980/- രൂപയുടെ വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-15 | 17480 | തൊഴിൽ നികുതി ഇനത്തിൽ കരാറുകാരിൽ നിന്നും വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയ തുക | 119030500062/ 10.03.2020 |
| 2018-19 | 1-15 | 2500 | | 119030500063/ 10.03.2020 |
| | | 19980 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-3 | 2010-11 | പൊതു അവലോകനം | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം | സമിതിയുടെ പരിഗണനയിൽ |
| വിഷയാധിഷ്ഠിത അവലോകനം | | 2015-16 | 5-2 | ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവത്കരണം | |
| പ്രത്യേക റിപ്പോർട്ട് | | 2016-17 | 9.3.2 | ജലവിതരണവും തദ്ദേശസ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യതയും | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

തുക ഒന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81722735/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79198638/- |
| വരവിനങ്ങളിലുള്ള നഷ്ടം | -0- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,06,288/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,14,613/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 1,06,288/- | അനൂപ്.കെ.എം, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-18 | 1,99,000 | അനൂപ്.കെ.എം, അസി.എഞ്ചിനീയർ |
| 1-19 | 15,613 | അനൂപ്.കെ.എം, അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനൂപ്.കെ.എം, അസി.എഞ്ചിനീയർ | എൽ.എസ്.ജി.ഡി.സെക്ഷൻ മേലാർകോട്, ഗ്രാമപഞ്ചായത്ത് | കക്കാട്ടുമനവീട്, അളഗപ്പ നഗർ പി.ഒ തൃശ്ശൂർ ജില്ല-680382 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി10/62/2002/ 18-1-2002 | 12 |
| 1997-98 | എൽ.എഫ്.പി10/494/2002/ 5-6-2002 | 13 |
| 1998-99 | എൽ.എഫ്.പി9/28/2003/ 14-7-2003 | 11 |
| 1999-2000 | എൽ.എഫ്.പി13/63/2004/ 8-7-2004 | 2 |
| 2000-01 | എൽ.എഫ്.പി13/64/2004/ 8-7-2004 | 1 |
| 2001-02 | എൽ.എഫ്.പി13/65/2004/ 8-7-2004 | 3 |
| 2002-03 | എൽ.എഫ്.പി12/50/2007/ 9-7-2007 | 1 |
| 2003-04 | എൽ.എഫ്.പി12/51/2007/ 9-7-2007 | 3 |
| 2004-05 | എൽ.എഫ്.പി18/1806/12/ 30-8-2014 | 1 |
| 2005-06 | എൽ.എഫ്.പി18/1807/12/ 30-8-2014 | 1 |
| 2006-07 | എൽ.എഫ്.പി18/1808/12/ 30-8-2014 | 1 |
| 2007-08 | എൽ.എഫ്.പി18/1809(ഡി)/12/ 6-11-2014 | 6 |
| 2008-09 | എൽ.എഫ്.പി18/739/13/ 5-11-2014 | 3 |
| 2009-10 | എൽ.എഫ്.പി18/738 /13/7-8-2014 | 3 |
| 2010-11 | എൽ.എഫ്.പി18/737 /13/7-8-2014 | 3 |
| 2011-12 | കെ.എസ്.എ-പികെഡി-18/703/16/ 27-5-2017 | 7 |
| 2012-13, 2013-14 & 2014-15 | കെ.എസ്.എ-പികെഡി18/1893/15/ 26-4-2017 | 8 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ-പികെഡി-18/193/17/ 2-2-2017 | 19 |
| 2016-17 | കെ.എസ്.എ. പി.കെ.ഡി-18/ 1225/17/ 26.7.2017 | 26 |
| 2017-18 | കെ.എസ്.എ.പി.കെ.ഡി-18/397/19/26.4.19 | 21 |
| 2018-19 | കെ.എസ്.എ.പി.കെ.ഡി-18/382/2020 തീയതി19.05.20 | 27 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വിവിധ പത്രികകൾ

1.RECEIPTS & PAYMENT STATEMENT

| Code.No | Description of hems | Schedule No | Amount |
|---|---|---|---|
| | Opening Balance | | |
| Bank | Bank | RP-40(a) | 13972705.00 |
| Cash | Cash | RP-40(a) | 79862.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 970080.00 |
| 130000000 | Rental income from Panchayat Properties | RP-3 | 300.00 |
| 140000000 | Fees & User Charges | RP-4 | 884721.00 |
| 150000000 | Sale & Hire Charges | RP-5 | 244281.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 48896685.00 |
| 171000000 | Interest Earned | RP-9 | 253498.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 17975145.00 |
| 350000000 | Other Liabilities | RP-36 | 185129.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 64442.00 |
| 330000000 | Secured Loans | RP-32 | 8115150.00 |
| 340000000 | Deposits Received | RP-34 | 49950.00 |
| 350000000 | Other Liabilities | RP-36 | 241420.00 |
| 410000000 | Fixed Assets | RP-38 | 1496.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2923049.00 |
| 460000000 | Loans, Advances and Deposits | RP-47 | 917389.00 |
| | Grand total | | 95775302.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3154324.00 |
| 220000000 | Administrative Expenses | RP-12 | 2353526.00 |
| 230000000 | Operations & Maintenance | RP-13 | 2549220.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 6914784.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 33512887.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3133912.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 595913.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 59718.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 14173911.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 378325.00 |
| 350000000 | Other Liabilities | RP-36 | 4925597.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 560915.00 |
| 270000000 | Provisions and Write off | RP-23 | 6311.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 35218.00 |
| 350000000 | Other Liabilities | RP-36 | 1509276.00 |

| | | | |
|---|---|---|---|
| 410000000 | Fixed Assets | RP-38 | 2297332.00 |
| 412000000 | Capital work in Progress | RP-40 | 1756971.00 |
| 460000000 | Loans, Advances and Deposits | RP-47 | 1280498.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 16576664.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 95775302.00 |

2. INCOME& EXPENDITURE STATEMENT

| Code.No | Description of Items | Schedule No | I |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3629012.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 373220.00 |
| 140000000 | Fee & User Charges | I-4(b) | 976186.00 |
| 150000000 | Sale & Hire Charges | I-5(b) | 244281.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | 1-6 | 116365868.00 |
| | Subsidies | | |
| 171000000 | Interest Earned | 1-8 | 253498.00 |
| 180000000 | Other Income | 1-9 | 64442.00 |
| | Total Income | | 121906507.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9520645.00 |
| 220000000 | Administrative Expenses | I-11(b) | 2427228.00 |
| 230000000 | Operations & Maintenance | I-12(b) | 2555934.00 |
| 240000000 | Interest & Finance Charges | I-13 | 560915.00 |
| 250000000 | Decentralised Plan Programme-Productive Sector / | 1-14 | 6914784.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 51520722.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3133912.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 595913.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 23733118.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 1417391 |
| 270000000 | Provisions and Write off | I-16 | 6311.00 |
| 272000000 | Depreciation | I-17(a) | 5860753.00 |
| | Total Expenditure | | 121004146.00 |
| | Gross Surplus/ Deficit of income over Expenditure | | 902361.00 |
| 280000000 | Prior Period Item | I-18 | 41861.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 860500.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3.ASSET & LIABILITY STATEMENT

| Code.No | Description of hems | | Schedule No | I |
|---|---|---|---|---|
| | LIABILITIES | | | |

| | | | | |
|---|---|---|---|---|
| | Reserve & Surplus | | | |
| 310000000 | Panchayat / Municipal Fund | B-1 | | 12485633.95 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | | 0.0 |
| | Agency Fund | | | |
| 312000000 | Reserves | B-3 | | 80553067.00 |
| | Total Reserve & Surplus | | | 93038700.95 |
| | Grants, Contributions for Specific Purposes | | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | | 6071648.00 |
| | Total Grants, Contributions for Specific Purposes | | | 6071648.00 |
| | Loans | | | |
| 330000000 | Secured Loans | B-5 | | 24207058.00 |
| | Total Loans | | | 24207058.00 |
| | Current Liabilities & Provisions | | | |
| 340000000 | Deposits Received | B-7 | | 290284.00 |
| 341000000 | Deposits Works | B-8 | | 0.0 |
| 350000000 | Other Liabilities | B-9 | | 966104.80 |
| | Total Current Liabilities and Provisions | | | 1256388.80 |
| | TOTAL LIABILITIES | | | 124573795.75 |
| | ASSETS | | | |
| | Fixed Assets | | | |
| 410000000 | Fixed Assets | B-1 | 1 | 92551114.00 |
| 411000000 | Accumulated Depreciation | B-1 | 1 | -11333573.00 |
| 412000000 | Capital Work in Progress | B-1 | 11a) | 0.0 |
| | Total Fixed Assets | | | 81217541.00 |
| | Investments | | | |
| | Current Assets, Loans and Advances | | | |
| 430000000 | Stock-in-hand | | B-14 | 1333008.00 |
| 431000000 | Sundry Debtors (Receivables) | | B- 1 5 | 544480.75 |
| 440000000 | Pre-paid Expenses | | B-16 | 24207058.00 |
| 450000000 | Cash and Bank Balance | | B-17 | 16576664.00 |
| 460000000 | Loans, Advances and Deposits | | B-18 | 695044.00 |
| Total Current Assets, Loans and Advances | 43356254.75 | | | |
| Other Assets | | | | |
| TOTAL ASSETS | 124573795.75 | | | |